I.ഇ.ബി. XII കേരള നിയമസഭ/X-5

**പന്ത്രണ്ടാം കേരള നിയമസഭ**

പത്താം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 ഫെബ്രുവരി 19, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

പോലീസ് സ്റ്റേഷൻ മാർച്ച്

മി. സ്പീക്കർ : അറസ്റ്റ് വാറന്റുള്ള രണ്ട് ഡി.വൈ.എഫ്.ഐ. പ്രവർത്തകരെ ഇന്നലെ പേരൂർക്കട പോലീസ് അറസ്റ്റ് ചെയ്തതിനെത്തുടർന്ന് ക്ഷുഭിതരായ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ സംഘം ചേർന്ന് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് ആക്രമിക്കുകയും സി.ഐ.യെ പരിക്കേൽപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ജോർജ് മേഴ്സിയർ, കെ.കുട്ടി അഹമ്മദ് കുട്ടി, സി.എഫ്. തോമസ്, കെ.ബി.ഗണേഷ്കുമാർ, കെ.കെ.ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : തിരുവനന്തപുരം പേരൂർക്കട പോലീസ് സ്റ്റേഷനിലെ ക്രൈം കേസ്സിലെ പ്രതികളും ഒളിവിൽ കഴിഞ്ഞുവന്നവരുമായ സുധീഷ്, മണികണ്ഠൻ എന്നിവർ അമ്പലമുക്ക് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന് സമീപം ഒരു കാറിൽ ഇരിക്കുന്നതായി വിവരം കിട്ടിയതിനെത്തുടർന്ന് 18-02-09-ന് വൈകുന്നേരം 5.30-ന് പേരൂർക്കട സബ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രതികളേയും വാഹനത്തേയും കസ്റ്റഡിയിൽ എടുത്ത് സ്റ്റേഷനിൽ കൊണ്ടുവന്നു. തുടർന്ന് കൂടുതലായി ചോദ്യം ചെയ്യുന്നതിനായി ഇവരെ വൈകുന്നേരം 7.30-ന് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലേക്ക് കൊണ്ടുവന്നു. സർക്കിൾ ഇൻസ്പെക്ടർ ഇവരെ ചോദ്യം ചെയ്തുകൊണ്ടിരിക്കെ സുധീഷിന്റെ സഹോദരൻ സുകേഷ് കൂട്ടുകാരൻ അനിൽകുമാർ എന്നിവരുടെ നേതൃത്വത്തിൽ കണ്ടാലറിയാവുന്ന ഇരുപതോളം പേർ പോലീസ് സ്റ്റേഷനിൽ വന്ന് ബഹളമുണ്ടാക്കുകയും തുടർന്നുണ്ടായ ഉന്തിലും തള്ളിലുംപെട്ട് സർക്കിൾ ഇൻസ്പെക്ടർക്കും പോലീസുകാരായ അരുൺ, മഹേഷ് എന്നിവർക്കും പരിക്കേല്ക്കുകയും ചെയ്തു. ഈ സംഭവം സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. സുധീഷിന്റെ സഹോദരൻ സുകേഷിനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസ് കസ്റ്റഡിയിലെടുത്ത പ്രതികളെ ഇന്ന് കോടതിയിൽ ഹാജരാക്കുന്നതാണ്.

ശ്രീ. ജോർജ് മേഴ്സിയർ : ഇന്നലെ വൈകുന്നേരം പേരൂർക്കട പോലീസ് രണ്ട് ഡി.വൈ.എഫ്.ഐ. നേതാക്കൻമാരെ അറസ്റ്റ് ചെയ്തതിനെ തുടർന്ന് തൊട്ടടുത്ത് റെഡ് വോളന്റിയേഴ്സ് മാർച്ച് നടത്തുകയായിരുന്ന ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ക്ഷുഭിതരായി സബ് ഇൻസ്പെക്ടറെ

ആക്രമിക്കാൻ ശ്രമിക്കുകയും പിന്നീട് പ്രതികളെ സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിലേയ്ക്ക് മാറ്റിയപ്പോൾ സി.ഐ.യെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തു. ഇടതുപക്ഷസർക്കാർ എന്ന് അധികാരത്തിൽ വന്നാലും പോലീസ് സ്റ്റേഷൻ ആക്രമിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്. ഡി.വൈ.എഫ്.ഐ. സംഘംചേർന്ന് നടത്തുന്ന ഇത്തരം ആക്രമണങ്ങൾമൂലം ജനങ്ങൾ ഭീതിയിലാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഇന്ന് നിഷ്ക്രിയരാണ്. നിയമവാഴ്ചയുടെ നഗ്നമായ ലംഘനമാണ് കേരളത്തിൽ നടക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പോലീസ് അറസ്റ്റ് ചെയ്ത പ്രതികളെ പോലീസ് സ്റ്റേഷനിൽ അതിക്രമിച്ചു കയറി മോചിപ്പിക്കുന്ന സംഭവങ്ങൾ സമീപകാലത്ത് കൂടിവരുന്നുണ്ട്. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം പരിശോധിച്ചുവരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 13 സ്ഥലങ്ങളിൽ നടന്ന ഇത്തരം സംഭവങ്ങളിൽ ഏഴ് സംഭവങ്ങളിലും യു.ഡി.എഫ്. പ്രവർത്തകരാണ് പ്രതികളായിട്ടുള്ളത്. പോലീസ് അറസ്റ്റ് ചെയ്യുന്ന ഒരു പ്രതിയേയും ഏത് പാർട്ടിക്കാരനാണെങ്കിലും മോചിപ്പിക്കാൻ ശ്രമിച്ചാൽ അത് അനുവദിച്ചുകൊടുക്കാൻ പാടില്ലെന്നും നിയമാനുസൃതമായി മാത്രമേ പ്രവർത്തിക്കാൻ പാടുള്ളു എന്നും പോലീസിന് കർശന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ബന്ധപ്പെട്ട പോലീസ് ഓഫീസർക്കായിരിക്കും അതിന്റെ ഉത്തരവാദിത്തമുള്ളത്. ഇത്തരം കൃത്യം ചെയ്യുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കും. അതുകൊണ്ട് ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

**ശ്രദ്ധ ക്ഷണിക്കൽ**

(1) റയിൽവേ കടത്തുകൂലിയിലെ ഭീമമായ വർദ്ധനവ്

ശ്രീ. എം ചന്ദ്രൻ : കേരളത്തിലെ ജനങ്ങൾക്ക് ഏറ്റവും ദ്രോഹകരമായ രീതിയിലാണ് റയിൽവേ ചരക്കുകടത്തുകൂലി വർദ്ധിപ്പിച്ചിരിക്കുന്നത്. അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, രാസവളം എന്നിവ 120-ാം നമ്പർ പട്ടികയിൽ ഉൾപ്പെടുത്തിയാണ് മുമ്പ് ചരക്കുകൂലി നിശ്ചയിച്ചിരുന്നതെങ്കിൽ ഇപ്പോഴത് 130-ാം നമ്പർ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ മാറ്റത്തിലൂടെ കടത്തുകൂലി ടണ്ണിന് 1000 കി. മീറ്റർ ദൂരത്തിന് 694 രൂപയായിരുന്നത് 752 രൂപ യായി വർദ്ധിച്ചു. അരിയുൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങ ൾക്കുവേണ്ടി കേരളം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെയാണ് ആശ്രയിക്കു ന്നത്. കടത്തുകൂലി യിലുണ്ടായ വർദ്ധനവ് വ്യാപാരികൾ ജനങ്ങളിൽനിന്നും ഈടാക്കുകയാണ് ചെയ്യുന്നത്. രാസവളങ്ങളുടെ കടത്തുകൂലി വർദ്ധനവ് തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന കേരളത്തിലെ കാർഷികമേഖലയെ കൂടുതൽ തകർച്ചയിലേയ്ക്ക് നയിക്കും. ഡീസലിന് വിലകുറഞ്ഞ സാഹചര്യ ത്തിൽ കടത്തുകൂലി വർദ്ധിപ്പിച്ച് കേരള ജനതയെ ദ്രോഹിക്കുന്ന നടപടിക്കെ തിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കണം. റയിൽവേ ബഡ്ജറ്റിൽ ദീർഘനാളായി കേരളം ആവശ്യപ്പെട്ടുകൊണ്ടിരുന്ന റയിൽവേ സോൺ അനുവദിക്കാത്ത തിലും ഈ സഭ പ്രതികരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : കേരളത്തിന് ഒരു പരിഗണനയും നൽകാത്ത നിരാശാജനകമായ ഒരു റെയിൽവേ ബഡ്ജറ്റാണ് ഇത്തവണ കേന്ദ്ര സർക്കാർ അവതരിപ്പിച്ചത്. സംസ്ഥാന സർക്കാരും

കേരളത്തിലെ എം.പി.മാരും റയിൽവേ ഉദ്യോഗസ്ഥരും കൂടി ചർച്ച ചെയ്ത് സുദീർഘമായ ഒരു മെമ്മോറാണ്ടം നേരത്തെതന്നെ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് കാര്യങ്ങൾ ബോധ്യപ്പെടുത്തിയെങ്കിലും കേരളം അവഗണിക്കപ്പെ ടുകയാണുണ്ടായത്. 43 ട്രെയിനുകൾ പുതിയതായി അനുവദിച്ചതിൽ തമിഴ് നാട്ടിലൂടെ കേരളത്തിലേയ്ക്ക് വരുന്നത് രണ്ട് ട്രെയിനുകൾ മാത്രമാണ് മറ്റ് കാര്യങ്ങളിലും ഒരു പരിഗണനയും കേരളത്തിന് ലഭിച്ചില്ല. ഇക്കാര്യങ്ങളെ ക്കുറിച്ച് മുഖ്യമന്ത്രി കേന്ദ്ര റയിൽവേ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തി ക്കൊണ്ടിരിക്കുകയാണ്. കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രിമാർ കേരള അവഗണനയിൽ പ്രതികരിക്കാത്തത് നിർഭാഗ്യകരമാണ്. ഇങ്ങനെയൊരു അവസ്ഥ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ബഡ്ജറ്റ് അവതരണ ത്തിന് മുൻപുണ്ടായ ചരക്കുകൂലി വർദ്ധനവ് കേരളത്തെ സംബന്ധിച്ചിട ത്തോളം ഇരുട്ടടിയാണ്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലേയ്ക്ക് പ്രതിമാസം ഏകദേശം 3.5 ലക്ഷം ടൺ ഭക്ഷ്യ വസ്തുക്കളാണ് അന്യ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നത്. ഇപ്പോഴത്തെ ചരക്കുകൂലി വർദ്ധനവിലൂടെ 2.5 കോടിയോളം രൂപ അധിക ചെലവ് ഉണ്ടാകും. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് 12 ദിവസം മുൻപ് ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ ചരക്കുകൂലി വർദ്ധിപ്പിച്ചത് പാർലമെന്റിനെ മറികടക്കുന്ന നടപടിയാണ്. ചരക്കുകൂലി വർദ്ധനവിനെതിരെ ജനങ്ങളുടെ പ്രതിഷേധം കേന്ദ്ര സർക്കാ രിനെ അറിയിക്കുകയും ഈ സഭ ഭരണ-പ്രതിപക്ഷ ഭേദമെന്യേ പ്രതിഷേധി ക്കുകയും ചെയ്യേണ്ടതാണ്.

## (2) വയോജന നയം നടപ്പാക്കൽ

ശ്രീ. എം. മുരളി : 2006 ഡിസംബർ 5-ന് ഒരു ഉത്തരവിലൂടെ പ്രഖ്യാപിച്ച വയോജന നയത്തിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കാനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് രൂപീകരിച്ച വയോജന കൗൺസിൽ ഒരു പ്രാവശ്യമാണ് യോഗം ചേർന്നതെന്നുമാത്രമല്ല യോഗ തീരുമാനങ്ങൾ ഇതുവരെയും നടപ്പിലാക്കിയിട്ടില്ല. കേരളത്തിലെ ജനസംഖ്യ യിൽ 40 ലക്ഷത്തോളം വരുന്ന വൃദ്ധജനങ്ങളിൽ 75 ശതമാനവും അധിവസി ക്കുന്നത് ഗ്രാമീണ മേഖലകളിലാണ്. സാമൂഹ്യക്ഷേമ വകുപ്പ് മറ്റ് വകുപ്പു കളുമായി യോജിച്ചുകൊണ്ട് ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വയോജന നയം പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. വൃദ്ധജന ങ്ങൾക്കായി നിയമപരമായി അധികാരമുള്ള വയോജന കമ്മീഷൻ രൂപീകരി ക്കണം. സംസ്ഥാന പ്ലാനിംഗ് ബോർഡ് മുൻകയ്യെടുത്ത് ആസൂത്രണ പദ്ധതി കളിലും തദ്ദേശഭരണ പദ്ധതികളിലും പത്ത് ശതമാനം തുക നിർബന്ധ മായും വയോജനങ്ങളുടെ ക്ഷേമപദ്ധതികൾക്കായി നീക്കിവയ്ക്കണം. താലൂക്ക് തലത്തിൽ വൃദ്ധസദനങ്ങൾ നേരിട്ട് നടത്തണം. വാർദ്ധക്യകാല പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുകയും യാത്രാക്കൂലിയിൽ 50 ശതമാനം ഇളവ് അനുവദിക്കുകയും വേണം. ബസ്സിലും പൊതുസ്ഥലങ്ങ ളിലും ഇരിപ്പിടങ്ങളിൽ സംവരണം ഏർപ്പെടുത്തണം. ഇവർക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം. വൃദ്ധജനക്ഷേമം ലക്ഷ്യംവച്ച് സമഗ്രമായ നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : ജനന-മരണ നിരക്ക് കുറഞ്ഞ സംസ്ഥാനമായതുകൊണ്ട് കേരളത്തിൽ വയോജനങ്ങളുടെ നിരക്ക് കൂടുതലാണ്. 1961-ൽ 5.8 ശതമാനമായിരുന്ന വളർച്ചാ നിരക്കിന്റെ തോത് ഇപ്പോൾ 11.74 ശതമാനത്തിൽ എത്തിനിൽക്കുന്നു. 2025 ആകുമ്പോഴേയ്ക്കും അത് 20 ശതമാനത്തിൽ അധികരിക്കുമെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. വയോജനനയം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കുറേയേറെ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act ഇന്ത്യയിൽ നിലവിൽവന്നുകഴിഞ്ഞു; അതനുസരിച്ച് കേരളത്തിലും ഈ നിയമം നടപ്പായിക്കഴിഞ്ഞു; മെയിന്റനൻസ് ഓഫീസർമാരെ നിയമിക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. രാജ്യവ്യാപകമായ ഒരു നിയമം നിലവിലുള്ളതുകൊണ്ട് കേരളത്തിനുമാത്രമായി പ്രത്യേക നിയമം ആവശ്യമില്ല. ഇതിന്റെ ഭാഗമായി രൂപീകരിച്ച സംസ്ഥാന വയോജന കൗൺസിൽ യോഗം ചേരുകയും വയോജനങ്ങളുടെ പെൻഷൻ തുക 200 രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. ജനറൽ ഹോസ്പിറ്റലിലെ ഒമ്പതാം വാർഡിൽ പ്രായാധിക്യവും അസുഖവും മൂലവും കഴിയുന്ന നിരാശ്രയരായവർ ആശുപത്രി വിടുമ്പോൾ അവരെ പുനരധിസിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തുക്കഴിഞ്ഞു. എഴുത്തും വായനയും വശമുള്ള നിരാശ്രയരായവർക്ക് കണ്ണടയും മറ്റ് ചികിത്സാ സൗകര്യവും കഴിഞ്ഞ ഒരു വർഷമായി നൽകിക്കൊണ്ടിരിക്കുന്നുണ്ട്. എൽഡേഴ്സ് പാർക്കും നിലവിൽവന്നു കഴിഞ്ഞു. മെച്ചപ്പെട്ട സൗകര്യങ്ങളോടെ ഓരോ ജില്ലയിലും പ്രാദേശികമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ

സഹായത്തോടെ ഇവരെ പരിപാലിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനും കഴിയത്തക്കവിധത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിന് പ്രയോറിറ്റി കൊടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. വയോജന കമ്മീഷൻ രൂപീകരിക്കുന്നതും നിയമനിർമ്മാണം നടത്തുന്നതും നയപരമായി തീരുമാനിക്കേണ്ട കാര്യങ്ങളാണ്.

**സബ്മിഷൻ**

(1) ശുദ്ധജലവിതരണ പദ്ധതികൾ

ശ്രീ. അടൂർ പ്രകാശ് : കോന്നി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന തണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ശുദ്ധജല വിതരണ ശൃംഖല സ്ഥാപിക്കുന്നതിനും മലയാലപ്പുഴ ശുദ്ധജല വിതരണ പദ്ധതി വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : തണ്ണിത്തോട് ശുദ്ധജലവിതരണ പദ്ധതിയും മലയാലപ്പുഴ പദ്ധതിയും 2007 ജനുവരി മാസത്തിൽ ഭാഗികമായി പ്രവർത്തനം ആരംഭിച്ചതാണ്. തണ്ണിത്തോട് പദ്ധതിക്ക് ഏകദേശം 18 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ആവശ്യമായ പണം എസ്.എൽ.എസ്.സി.-യിൽപ്പെടുത്തി കണ്ടെത്തുന്നതിനുള്ള പ്രോജക്ട് പരിഗണനയിലാണ്. മലയാലപ്പുഴ വിപുലീകരണ പദ്ധതിക്ക് എൻ.സി.പി.സി. യുടെ അംഗീകാരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ ആരംഭിക്കുകയും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ സഹകരണത്തോടെ തടയണ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

തണ്ണിത്തോട് പദ്ധതിയും മലയാലപ്പുഴ പദ്ധതിയും എത്രയും വേഗം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) പുലിമുട്ട് സ്ഥാപിക്കൽ

ശ്രീ. വി. സുരേന്ദ്രൻപിള്ള : പനത്തുറയിൽ പുലിമുട്ട് നിർമ്മാണം ആരംഭിച്ചിരിക്കുന്നതിനാൽ പൂന്തുറയിൽ കടലാക്രമണം ഉണ്ടാകുമെന്ന് ജനങ്ങളിൽ ആശങ്ക ഉണ്ടായിരിക്കുന്ന സാഹചര്യത്തിൽ പൂന്തുറയിലെ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തിയാകുന്നതുവരെ പനത്തുറയിലെ പുലിമുട്ടിന്റെ പണി നിറുത്തിവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പനത്തുറ പ്രദേശത്ത് പുലിമുട്ടോടുകൂടി കടൽഭിത്തിയുടെ നിർമ്മാണം ആരംഭിച്ചിരിക്കുന്നത് ഐ.ഐ.ടി.യുടെ നിർദ്ദേശപ്രകാരമാണ്. ഇത് സംബന്ധിച്ച് പല പ്രാവശ്യം സ്ഥലം എം.എൽ.എ.യുമായും മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികളുമായും ചർച്ച ചെയ്തിന്റെ അടിസ്ഥാനത്തിലാണ് പനത്തുറയിലും പൂന്തുറയിലും പുലിമുട്ടോടുകൂടിയുള്ള എട്ട് കടൽഭിത്തികൾ 7.92 കോടി രൂപ ചെലവിൽ നിർമ്മിക്കാനുള്ള ഭരണാനുമതി അഡീഷണലായി നൽകിയത്. പനത്തുറയിൽ പുലിമുട്ട് സ്ഥാപിക്കുന്നതുകൊണ്ട് പൂന്തുറയിൽ കടലാക്രമണം ഉണ്ടാകുകയില്ലെന്നാണ് ഐ.ഐ.ടി.യുടെ റിപ്പോർട്ടിൽ പറയുന്നത്.

(3) എം. ആർ. എസ്.-ന്റെ ശോച്യാവസ്ഥ

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : വൈത്തിരിയിൽ സ്ഥാപിച്ച പൂക്കോട് എം.ആർ.എസ്.-ന്റെ സ്ഥിതി വളരെ ദയനീയമാണ്. 60 കുട്ടികൾ

താമസിക്കേണ്ട ഹോസ്റ്റലിൽ 200-ലധികം കുട്ടികളാണ് താമസിക്കുന്നത്. 120 പെൺകുട്ടികൾ താമസിക്കുന്ന രണ്ടാമത്തെ നിലയിൽ രണ്ട് ടോയ്‌ലറ്റുകൾ മാത്രമാണുള്ളത്. സ്കൂൾ പ്രവർത്തിക്കുന്നത് സെറിക്കൾച്ചറിന് വേണ്ടി നിർമ്മിച്ച ഷെഡ്ഡിലാണ്. അവിടെയുള്ള മറ്റൊരു സ്കൂൾ തകരംകൊണ്ട് മറച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 100 ശതമാനം റിസൽറ്റുള്ള സ്കൂളാണിത്. മുതിർന്ന ആൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റൽ പ്രവർത്തിക്കുന്നത് കാലിത്തൊഴുത്തിലാണ്. അവിടെ 277 കുട്ടികൾക്കായി 9 ടോയ്‌ലറ്റുകളാണുള്ളത്. പുതിയ കെട്ടിടം പണിയാനായി 2005-ൽ എ.എസ്സും ടി.എസ്സും നൽകിയെങ്കിലും ഇതുവരെ യാതൊരു വർക്കും ആരംഭിച്ചിട്ടില്ല. പി.ഡബ്ല്യൂ.ഡി. റേറ്റ് റിവിഷൻ വേണമെന്ന് പറഞ്ഞ് വർക്ക് പൂർത്തീകരിക്കുന്നില്ല. ഇതിലെ സാങ്കേതിക നൂലാമാലകൾ മറികടന്നുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : വയനാട് ജില്ലയിൽ പൂക്കോട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുള്ള എം.ആർ.എസ്സിന്റെ ഹോസ്റ്റൽ കെട്ടിടം 2007-08-ൽ 8.7 ലക്ഷം രൂപ ചെലവഴിച്ച് നവീകരിച്ചു. 2008-09-ൽ 3,32,000 രൂപ ചെലവഴിച്ച് റീവയറിംഗ് ചെയ്തു. സ്കൂളിലെ കമ്പ്യൂട്ടർ ലാബ്, ഹോസ്റ്റലിലെ അടുക്കള, ഡൈനിംഗ് ഹാൾ എന്നിവയുടെ നവീകരണത്തിനും അഡീഷണൽ ഡൈനിംഗ് ഹാൾ, പാർപ്പിട ഹാൾ എന്നിവയുടെ നിർമ്മാണത്തിനുമായി 34.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതാണ്. സ്കൂൾകെട്ടിടം പണിയുന്നതിന് 250 ലക്ഷം രൂപയുടെ ഭരണാനുമതി 1999-ൽ നൽകിയതാണ്. എന്നാൽ പൂക്കോട് തടാകത്തിന്റെ സമീപമായതിനാൽ ഹൈക്കോടതിയുടെ വിലക്കുമൂലം നിർമ്മാണ

പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2005-ൽ മറ്റൊരു സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി. ആ സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്താൻ 30 ശതമാനം ടെണ്ടർ എക്സസ് അനുവദിക്കാൻ ഓർഡറായി എങ്കിലും വർക്ക് ഏറ്റെടുക്കാൻ കോൺട്രാക്ടർ തയ്യാറാകാത്തതിനാൽ റീടെണ്ടർ ചെയ്യാൻ പി.ഡബ്ല്യു.ഡി. നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ കെട്ടിടത്തിന്റെ പണി തീരുന്നതുവരെ നിലവിലുള്ള കെട്ടിടത്തിൽ പരമാവധി സൗകര്യങ്ങളൊരുക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

(4) മൃതശരീരങ്ങൾ വിലയ്ക്ക് വാങ്ങൽ

ശ്രീ. വി. ഡി. സതീശൻ : സംസ്ഥാനത്തെ ഒരു മെഡിക്കൽ കോളേജിന് പഠനാവശ്യത്തിനായി ഒരു വർഷം 12 മൃതശരീരങ്ങളാണ് ആവശ്യമുള്ളത്. കേരളത്തിലെ 10 സ്വകാര്യ മെഡിക്കൽ കോളേജുകൾക്കും 2 സഹകരണ മെഡിക്കൽ കോളേജുകൾക്കുംകൂടി ഒരു വർഷം 144 മൃതശരീരങ്ങളാണ് ആവശ്യമുള്ളത്. കഴിഞ്ഞ 3 വർഷമായി 12 മെഡിക്കൽ കോളേജുകൾക്കായി 450 മൃതശരീരങ്ങളാണ് ആവശ്യമായി വന്നിട്ടുള്ളത്. അനാട്ടമി ആക്ട് അനുശാസിക്കുന്നതനുസരിച്ച് മാത്രമേ മൃതശരീരം പഠനത്തിന് ഉപയോഗിക്കാൻ പാടുള്ളൂ. എന്നാൽ ആരോഗ്യകുടുംബക്ഷേമ, വിദ്യാഭ്യാസ,. പോലീസ് വകുപ്പുകളുടെ അന്വേഷണത്തിൽ ഈ 450 മൃതശരീരങ്ങൾ മെഡിക്കൽ കോളേജുകൾക്ക് ഏത് മാനദണ്ഡപ്രകാരം കിട്ടിയെന്നുള്ളതിനെക്കുറിച്ച് യാതൊരു വിവരവുമില്ല. സ്വകാര്യ മെഡിക്കൽ കോളേജ് സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷൻ പരിധിയിലെ അജ്ഞാത മൃതശരീരങ്ങൾ പഠനത്തിനായി അവർക്ക് വിട്ടുകൊടുക്കുമെന്ന് ആരോഗ്യകുടംബക്ഷേമ വകുപ്പ് പറയുന്നുണ്ടെങ്കിലും പോലീസ് ഉദ്യോഗസ്ഥർ പറയുന്നത് കഴിഞ്ഞ 3 വർഷം ഒരു പോലീസ് സ്റ്റേഷൻ അതിർത്തിയിൽനിന്നും

ഒരു മൃതശരീരംപോലും കൊടുത്തിട്ടില്ലെന്നാണ്. സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് മൃതശരീരങ്ങൾ നൽകിയിട്ടില്ലെന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും പറയുന്നു. ലക്ഷക്കണക്കിന് രൂപയ്ക്ക് മൃതശരീരം വിൽക്കുന്ന സംസ്ഥാനാന്തര ലോബി ഇവിടെ പ്രവർത്തിക്കുകയാണ്. രൂപയ്ക്കുവേണ്ടി വഴിയരികിൽ കിടക്കുന്നവരെ കൊന്നും മെഡിക്കൽ കോളേജിന് കൊടുക്കുന്ന അവസ്ഥയുണ്ടാകാൻ പോവുകയാണ്. സഹകരണ-സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് മൃതശരീരങ്ങൾ ലഭിക്കുന്നതിനെപ്പറ്റി ആഭ്യന്തര വകുപ്പ് അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതോടൊപ്പം ഇതിന് വ്യക്തമായ മാനദണ്ഡത്തോടെയുള്ള ഒരു സംവിധാനം ആരോഗ്യ വകുപ്പ് ഏർപ്പെടുത്തണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : കേരളത്തിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകൾക്ക് പഠനത്തിനാവശ്യമായ മൃതശരീരം ലഭിക്കാൻ അനാട്ടമി ആക്ട് അനുസരിച്ച് പ്രത്യേകം നോട്ടിഫൈ ചെയ്യണം. അതിൻപ്രകാരം ആ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന മൃതശരീരങ്ങൾ അവർക്ക് ലഭിക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ടുള്ള പ്രൊസീഡ്യുവറുണ്ട്; പക്ഷേ അതനുസരിച്ച് ഒരു മൃതശരീരവും കൊടുത്തിട്ടില്ല എന്നാണറിയുന്നത്. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ നിന്ന് ഒരു മൃതശരീരവും സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് കൊടുത്തിട്ടില്ല. കഴിഞ്ഞ ഡിസംബറിൽ ഒരു പുതിയ നോട്ടിഫിക്കേഷൻ വന്നതിന്റെ അടിസ്ഥാനത്തിൽ സെൽഫ് ഫിനാൻസിംഗ് മെഡിക്കൽ കോളേജുകൾക്ക് മൃതശരീരം ആവശ്യമായി വരികയാണെങ്കിൽ ആരോഗ്യ വകുപ്പിനെ സമീപിക്കുകയും കൃത്യമായ ഫീസ് നൽകുകയും

വേണം. സ്വകാര്യ മേഖലയിൽ കാരക്കോണം മെഡിക്കൽ കോളേജ് മാത്രമാണ് അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളത്. അനാട്ടമി ആക്ടിന് വിരുദ്ധമായി ഇത്തരം സ്ഥാപനങ്ങൾ അനധികൃതമായി മൃതശരീരം കൊടുക്കുകയോ വാങ്ങിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കാൻ ആഭ്യന്തര വകുപ്പിന് കഴിയും.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ആരോഗ്യവകുപ്പുമന്ത്രി പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ എവിടെനിന്നുമാണ് മൃതശരീരം കിട്ടിയ തെന്നത് സംബന്ധിച്ച് അന്വേഷിക്കുന്നതാണ്.

(5) പുതിയ പോലീസ് സ്റ്റേഷൻ

ശ്രീ. പി. വിശ്വൻ : സ്ഥലത്തിന്റെ പ്രാധാന്യവും കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ജോലിഭാരവും കണക്കിലെടുത്ത് നിലവിലുള്ള പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കാപ്പാട് കേന്ദ്രീകരിച്ച് ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കൊയിലാണ്ടി പോലീസ്സ്റ്റേഷന്റെ ജോലിഭാരം കണക്കി ലെടുത്ത് സ്റ്റേഷന്റെ പരിധിയിലുള്ള ചെങ്ങോട്ടുകാവിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലാണ് ഡി.ജി.പി. യുടെ പരിഗണ നയിലുള്ളത്. ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിച്ചു വരുന്ന കാപ്പാട് ഡ്യൂട്ടിക്ക് പോലീസുകാരെ നിയോഗിക്കുകയും ഒരു പോലീസ് എയ്ഡ് പോസ്റ്റ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ

പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന ഘട്ടത്തിൽ കാപ്പാട് പോലീസ് സ്റ്റേഷന്റെ കാര്യം പരിശോധിക്കുന്നതാണ്.

(6) സരിതയുടെ ദുരൂഹ മരണം

ശ്രീ. കെ.കെ. ഷാജു: പന്തളം മങ്ങാര പ്രദേശത്ത് ലീലാമ്മയുടെ മകൾ സരിത ഭർതൃഗൃഹത്തിൽ തൂങ്ങിമരിക്കാനിടയായ സംഭവത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തി സത്യാവസ്ഥ കണ്ടുപിടിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):പത്തനംതിട്ട ജില്ലയിൽ പന്തളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള സരളാലയം വീട്ടിൽ ബോബിചാക്കോയുടെ ഭാര്യ സരിത ഭർതൃഗൃഹത്തിൽ തൂങ്ങി മരിക്കാൻ ശ്രമിക്കുകയും ചികിൽസയിലിരിക്കെ മരണപ്പെടുകയും ചെയ്തതിനെ സംബന്ധിച്ച് സരിതയുടെ പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പന്തളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയിതിട്ടുണ്ട്. പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ തൂങ്ങിമരണമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭർത്താവും മറ്റും ചേർന്ന് പീഡിപ്പിച്ചതായി സരിതയുടെ മാതാവ് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സരിതയുടെ ഭർത്താവിനേയും ഭർത്താവിന്റെ അച്ഛനേയും പ്രതിചേർത്ത് അടൂർ ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിൽ അന്വേഷണം നടത്താൻ നിർദ്ദേശിക്കുന്നതാണ്.

(7) വില്ലേജ് ഓഫീസുകൾ തുറന്ന് പ്രവർത്തിപ്പിക്കൽ

ശ്രീ. രാജാജി മാത്യു തോമസ്: 2003-ൽ പണി പൂർത്തീകരിച്ച ഒല്ലൂർ നിയോജകമണ്ഡലത്തിലെ 5 വില്ലേജ് ഓഫീസുകൾ തുറന്ന് പ്രവർത്തിപ്പിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തൃശ്ശൂർ താലൂക്കിൽ 24 ഗ്രൂപ്പ് വില്ലേജുകളിൽപ്പെട്ട കൊഴുക്കുള്ളി, കുറിച്ചിക്കര, മരത്താക്കര, മാന്ദാമംഗലം, പുത്തൂർ എന്നീ വില്ലേജാഫീസുകളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കപ്പെടാത്തതുകൊണ്ട് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. താൽക്കാലിക ചുമതലകൊടുത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. പ്രസ്തുത ഓഫീസുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പുതിയ തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

(8) മണൽപാസ് വിതരണത്തിലെ പരിഷ്കാരം

ശ്രീ. എം. ഹംസ: പാലക്കാട് ജില്ലയിൽ 2008 നവംബർ മാസം മുതൽ മണൽപാസ് വിതരണത്തിൽ നടപ്പിലാക്കിയ പുതിയ പരിഷ്കാരംമൂലം മണൽമാഫിയക്ക് അവസരം ഉണ്ടാക്കിക്കൊടുത്ത് ഖജനാവിന് നഷ്ടം വരുത്തുന്നതായി കണക്കുകൾ തെളിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അത് പുന:പരിശോധിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പാലക്കാട് ജില്ലയിൽ മണലൂറ്റുന്നതിനുള്ള കടവുകൾ നിശ്ചയിക്കുന്നതും ഓരോ കടവിൽനിന്നും വാരുന്ന മണലിന്റെ അളവ് തീരുമാനിക്കുന്നതും സെസ്സിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. 1-11-08 മുതൽ റേഷൻകാർഡ്, തിരിച്ചറിയൽ കാർഡ്, ബിൽഡിംഗ് പെർമിറ്റ്, പ്ലാൻ എസ്റ്റിമേറ്റ് അതാതു പഞ്ചായത്ത് നഗരസഭാ സെക്രട്ടറിയിൽനിന്നുള്ള സാക്ഷ്യപത്രം എന്നീ രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ഒറ്റപ്പാലം,

മണ്ണാർക്കാട് താലൂക്ക് തഹസീൽദാരിൽനിന്നുമാണ് മണൽപാസ് നൽകുന്നത്. മണലിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പുവരുത്താനായി കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലൂടെ അർഹതപ്പെട്ടവർക്ക് സർക്കാർ നിശ്ചയിച്ച കുറഞ്ഞ നിരക്കിൽ മണൽ ലഭ്യമാക്കുന്നതിനും ആവശ്യ മായ രേഖകൾ സഹിതം വരുന്നവർക്ക് അതിവേഗം പാസ് അനുവദിക്കുന്ന തിനും അനധികൃതമായി മണൽ കടത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പിഴ നിശ്ചയിക്കാനും ഉത്തരവായിട്ടുണ്ട്. അംഗീകൃത പാസ് ഉപയോഗിച്ച് മാത്രമേ ഭാരതപ്പുഴ യിൽനിന്ന് മണൽ വാരൽ പാടുള്ളൂ എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത്/നഗരസഭകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പുഴയി ലേയ്ക്ക് വാഹനം ഇറക്കുന്നത് തടയാൻ ബാരിക്കേടുകൾ നിർമ്മിക്കുന്ന തിനും കാവൽക്കാരെ ഏർപ്പാടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാധ്യമങ്ങളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കു ന്നതിന് ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. റിവർ പ്രൊട്ടക്ഷനുവേണ്ടി ഭാരതപ്പു ഴയ്ക്ക് 12 കോടിരൂപ അനുവദിച്ചിട്ടുണ്ട്. കർശനമായി മണൽ മാഫിയയെ നിയന്ത്രിക്കുന്നതിനും കൂടുതൽ മണൽ ലഭ്യമാക്കുന്നതിനും ശ്രമിക്കുന്നതാണ്

(9) തൂക്കുപാലവും പുഴയോര ടൂറിസം പദ്ധതിയും

ശ്രീ. ബാബു പോൾ: ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൂവാറ്റുപുഴ ത്രിവേണീസംഗമത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ച് തൂക്കുപാലം പണിയുന്നതിനും പുഴയോര ടൂറിസം പദ്ധതി നടപ്പിലാക്കുതിനും അനുമതി നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): മൂവാറ്റുപുഴ ത്രിവേണി സംഗമത്തിൽ തൂക്കുപാലവും

പുഴയോര ടൂറിസം പദ്ധതിയും നടപ്പിലാക്കുന്നതിനായി കേന്ദ്ര അനുമതി തേടുവാൻ തീരുമാനിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മുൻഗണനാക്രമത്തിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീമതി കെ.കെ. ലതിക: ക്ഷീരകർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവർ ഉല്പാദിപ്പിക്കുന്ന പാലിന് ന്യായവില ലഭ്യമാക്കുന്നതിനും അന്യസംസ്ഥാനങ്ങളിൽനിന്നും സർക്കാർ ചെലവിൽ പശുക്കളെ കൊണ്ടുവന്ന് മിതമായ നിരക്കിൽ നൽകുന്നതിനും കന്നുകുട്ടി പരിപാലനം ശക്തമായി നടപ്പിലാക്കുന്നതിന് വകുപ്പുതലത്തിൽ ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : നിലവിലുള്ള ക്ഷീരകർഷകരെ നിലനിർത്തുന്നതിനും കൂടുതൽ പേരെ ആകർഷിക്കുന്നതിനും ഉല്പാദനച്ചെലവിനനുസൃതമായി പാൽവില വർദ്ധിപ്പിച്ചെങ്കിലും കർഷകന് അതിന് അനുസൃതമായ വിഹിതം ലഭ്യമാകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. .പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പശുഗ്രാമം, മിൽക്ക് ഷെഡ്, സുനാമി പുനരധിവാസം, വിദർഭ, സംയോജിത കന്നുകാലി വികസനം തുടങ്ങിയ പദ്ധതികളിലൂടെ അന്യസംസ്ഥാനത്തുനിന്നും ഉല്പാദനക്ഷമത കൂടിയ കന്നുകാലികളെ വാങ്ങണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ക്ഷീരകർഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ റെയിൽവേ അധികൃതരുമായി ബന്ധപ്പെട്ട് കന്നുകാലികളെ കൊണ്ടുവരുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. 24,000 കന്നു

കാലികളെ ഇതിനകം വിതരണം ചെയ്തതിന്റെ ഫലമായി പ്രതിദിനം 4 ലക്ഷം ലിറ്ററിന്റെ ഉല്പാദന വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീര കർഷകരുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

**മേശപ്പുറത്തുവച്ച കടലാസ്**

2008-ലെ സാമ്പത്തിക അവലോകനം സംബന്ധിച്ച റിപ്പോർട്ട് മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)</u>

<u>ശ്രീ. സി.പി. മുഹമ്മദ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. 2008-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ചില മാറ്റങ്ങൾ വരുത്തിയാണ് ഇപ്രാവശ്യം അവതരിപ്പിച്ചിരിക്കുന്നത്. സംസ്ഥാനം നേരിടുന്ന ഗൗരവമായ പ്രശ്നങ്ങളെക്കുറിച്ച് നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കുന്നില്ല. ലക്ഷക്കണക്കിന് വിദേശ മലയാളികൾ മടങ്ങി വരുന്ന പ്രശ്നത്തിന് പരിഹാര മാർഗ്ഗങ്ങളൊന്നും തന്നെ പ്രതിപാദിച്ചിട്ടില്ല. പ്രതിപക്ഷത്തിരുന്നപ്പോൾ പാവങ്ങളുടെ പടത്തലവനായിരുന്ന മുഖ്യമന്ത്രി ആദർശങ്ങൾ വിസ്മരിച്ച് ഒരുടഞ്ഞ വിഗ്രഹമായി മാറിയിരിക്കുന്നു. സർക്കാരിന്റെ കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ടിരിക്കുകയാണ്. അഴിമതി നിറഞ്ഞ ഭരണമാണ് ഇവിടെ നടക്കുന്നത്. മാർക്സിസം-ലെനിനിസം അംഗീകരിച്ച പാർട്ടി മാർക്സിസ്റ്റ്-ലാവ്ലിനിസ്റ്റ് പാർട്ടിയായി മാറിയിരിക്കുകയാണ്. ബോഫോഴ്സ് തോക്കിടപാടിലും മറ്റും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കന്മാരെ തേജോവധം ചെയ്തവർ ഒരു സ്വകാര്യ വ്യക്തി കൊടുത്ത അന്യായത്തിന്റെ വെളിച്ചത്തിൽ കുറ്റം ചെയ്തയാളെ പ്രോസിക്യൂട്ട് ചെയ്യണമെന്നു പറഞ്ഞതിനെതിരെ നടത്തുന്ന ആദർശപ്രസംഗം ജനങ്ങൾ തള്ളിക്കളയും.

<u>ശ്രീ. സി.എം. ദിനേശ്മണി:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കഴിഞ്ഞ വർഷത്തെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഗവൺമെന്റ് അഭിമാനപൂർവ്വം മുന്നോട്ടുപോകുകയാണ്. ഇ.എം.എസ്. ഭവന പദ്ധതി, എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കർഷക കടാശ്വാസ കമ്മിഷൻ രൂപീകരിച്ച് കർഷകരെ സഹായിക്കുന്ന പദ്ധതികളുമായി മുന്നോട്ടു പോകുന്നു. ഇൻഡ്യയ്ക്കു തന്നെ മാതൃകയായ ഭക്ഷ്യ സുരക്ഷ പദ്ധതി നടപ്പാക്കിക്കഴിഞ്ഞു. 10000 ഹെക്ടർ സ്ഥലത്ത് നെൽകൃഷിക്ക് തുടക്കം കുറിച്ചുകൊണ്ട് നെല്ലുൽപ്പാദനവും 1000 പച്ചക്കറി ഗ്രാമങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് പച്ചക്കറിയുടെ ആഭ്യന്തരോൽപ്പാദനവും വർദ്ധിപ്പിച്ചു. നെൽകർഷകർക്ക് 300 രൂപ പെൻഷൻ അനുവദിച്ചു. ക്ഷീരോൽപ്പാദന രംഗത്ത് പശുഗ്രാമം, മിൽക്ക് ഷെഡ്, ഗോസുരക്ഷ, ഗോസമൃദ്ധി തുടങ്ങിയ പദ്ധതികൾ ആരംഭിച്ചു. സഹകരണ മേഖലയിൽ ഹൈടെക്ക് ഫാം പദ്ധതിക്ക് തുടക്കം കുറിച്ചു. കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുന:സംവിധാനം ചെയ്തുകൊണ്ട് വ്യവസായ മേഖലയ്ക്ക് നവോന്മേഷം പകർന്നിരിക്കുന്നു. തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ടും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ടും വ്യവസായ മേഖലയിൽ അഭിമാനകരമായ പുരോഗതി കൈവരിച്ചു. ഗവൺമെന്റ് ആശുപത്രികൾ പാവപ്പെട്ടവരുടെ ആശ്രയ കേന്ദ്രമായി മാറിയിരിക്കുന്നു. വൈദ്യുതി രംഗത്ത് കാര്യക്ഷമതയും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ചു. മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കി. സംസ്ഥാനത്തിനർഹതപ്പെട്ടതും അവകാശപ്പെ

ട്ടതുമായ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ ലാഭത്തിലാക്കി. എൻ.ആർ.ഇ.ജി., നാഷണൽ റൂറൽ ഹെൽത്ത് മിഷൻ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളിൽ അഭിനന്ദനം നേടിയെടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞു. ഇ.എസ്.ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി. വികസന പ്രവർത്തന ങ്ങൾക്കായി ഓരോ മണ്ഡലത്തിനും രണ്ടു കോടി രൂപ വീതം അനുവദിച്ചു. ക്രമസമാധാന രംഗത്ത് സംസ്ഥാനം മുൻപന്തിയിൽ നിൽക്കുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. അഴിമതി നടത്തുന്ന ഉന്നതരെ സംരക്ഷിക്കുന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എസ്.എൻ.സി. ലാവ്ലിൻ കമ്പനിക്ക് കരാർ നൽകിയതിലും വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിലും വൻ അഴിമതിയാണ് നടത്തിയിരിക്കുന്നത്. വർഗ്ഗീയതയ്ക്കെതിരെയുള്ള സർക്കാർ സമീപനം തൃപ്തികരമല്ല. സാമ്പത്തിക മാന്ദ്യമാണ് സ്മാർട്ട് സിറ്റിക്ക് തടസ്സമെന്ന വാദം ശരിയല്ല. മദ്യം ഭക്ഷണത്തിന്റെ ഭാഗമാക്കണ മെന്ന് നേതാക്കൾ പ്രസംഗിക്കുകയും മദ്യപാന ശീലത്തിനെതിരെ പ്രചരണ പരിപാടികൾ ശക്തിപ്പെടുത്തണമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയു കയും ചെയ്യുന്നത് വിരോധാഭാസമാണ്. ചെക്ക് പോസ്റ്റുകൾ അഴിമതി വിമുക്തമാക്കണം. ന്യൂനപക്ഷ വിഭാഗങ്ങളുടെ പുരോഗതിക്കുവേണ്ടി സംസ്ഥാന സർക്കാർ യാതൊന്നും ചെയ്യുന്നില്ല. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ നടക്കുന്നില്ല. നിയമസഭയിൽ ചോദ്യം ചോദിച്ചാൽ മറുപടി ലഭ്യമാകുന്നില്ല. ഉന്നതോദ്യോഗസ്ഥർ സർവ്വീസ് അവസാനിപ്പിച്ച് പോകുന്ന സ്ഥിതിയുണ്ട്. ചീഫ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരോട് പോലും സർക്കാർ നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ-ഭരണകക്ഷി ഭേദ മെന്യേ എല്ലാ നിയോജക മണ്ഡലങ്ങളിലും വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കാനുള്ള നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. എന്നാൽ അതിനാവശ്യമായ നടപടികൾ സംസ്ഥാന ബഡ്ജറ്റിൽ ഉണ്ടാകുമെന്നാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. ധനകാര്യ മാനേജ്മെന്റിലെ കാര്യക്ഷമതമൂലം ഇൻഡ്യയിലെ ഏറ്റവും സാമ്പത്തിക അച്ചടക്കമുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ട്രഷറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തി. സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് രക്ഷ നേടുന്ന തിന് നിക്ഷേപത്തിന്റേയും വായ്പയുടെയും പലിശ നിരക്ക് കുറയ്ക്കുക യാണ് വേണ്ടത്. വലിയൊരു നിക്ഷേപ പദ്ധതിയായ ശബരിമല ഇന്റർനാഷണൽ എയർപോർട്ടിന് ആവശ്യമായ ഭൂമി സർക്കാർ അനുവദിക്കണം.

<u>ശ്രീ. കെ. രാജു</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നതിനു വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള രണ്ട് ബഡ്ജറ്റുകളിലും കേരളത്തിന് അർഹമായ പരിഗ ണന നൽകിയിട്ടില്ല. ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി ഇൻഡ്യ യിലും പ്രത്യേകിച്ച് കേരളത്തിലുമുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ അതിജീവിക്കാനുള്ള ഒരു പാക്കേജും കേന്ദ്ര ബഡ്ജറ്റിലില്ല. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിമൂലം ജോലി നഷ്ടപ്പെട്ട് വിദേശത്തുനിന്ന് തിരിച്ചെ ത്തുന്നവർക്കായി ഒരു പാക്കേജ് ഗവൺമെന്റ് ബഡ്ജറ്റിൽ പ്രഖ്യാപിക്കണം.

എല്ലാ സംസ്ഥാനങ്ങളേയും ക്രോഡീകരിച്ചുകൊണ്ട് ഫിസ്ക്കൽ മാനേജുമെന്റ് നല്ല രീതിയിൽ കൊണ്ടുപോകേണ്ടതിനു പകരം ഫെഡറലിസത്തെ തുരങ്കം വയ്ക്കുന്ന നടപടികളാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. ഐ.ഐ.ടി., സ്റ്റാറ്റ്യൂട്ടറി റേഷനിംഗ്, റെയിൽവേ ലൈനുകൾ മുതലായവ കേരളത്തിന് അനുവദിച്ചുതരുന്നില്ല. കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ചില കേന്ദ്ര സ്ഥാപനങ്ങൾ സംസ്ഥാനത്ത് വന്നിട്ടുണ്ട്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുട്ടനാട് പാക്കേജ് കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തിയാണ് അനുവദിച്ചത്. ലോക കമ്പോളത്തിൽ പെട്രോളിന്റെ വില ബാരലിന് 147 ഡോളറിൽ നിന്നും 40 ഡോളറായി കുറഞ്ഞപ്പോൾ അതിനനുസൃതമായി ഇൻഡ്യയിൽ വില കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. ആ തോതിനനുസരിച്ച് ഇവിടേയും വില കുറച്ചിരുന്നെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ഗണ്യമായ കുറവ് വരുമായിരുന്നു. അതുകൊണ്ട് പെട്രോളിയം ഉല്പന്നങ്ങളുടെ വില ഇനിയും കുറയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകണം. വിഷൻ 2010 എന്ന പദ്ധതിയിലൂടെ വികസന പ്രവർത്തനങ്ങൾക്കായി രണ്ട് കോടി രൂപ വീതം എല്ലാ നിയോജകമണ്ഡലങ്ങൾക്കും എൽ.ഡി.എഫ്. സർക്കാർ അനുവദിച്ചിരിക്കുകയാണ്. കൺസ്യൂമർ ഫെഡിന്റേയും സിവിൽ സപ്ലൈസ് കോർപ്പറേഷന്റേയും ആഭിമുഖ്യത്തിൽ നിരവധി ഔട്ട്ലെറ്റുകൾ തുറന്നുകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുകയും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുകയും ചെയ്തു. കഴിഞ്ഞ ഓണക്കാലത്ത് 17.5 ലക്ഷം പാവപ്പെട്ട ആളുകൾക്ക് സൗജന്യമായി ഭക്ഷ്യകിറ്റ് വിതരണം നടത്തുകയും 12 കിലോ അരി വീതം ഓരോ ആദിവാസി കുടുംബത്തിനും സൗജന്യമായി

നൽകുകയും ചെയ്തു. വനസംരക്ഷണത്തിനായി എല്ലാ ആദിവാസി ഊരുകളിലും കമ്മിറ്റികൾ രൂപീകരിക്കുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയും ചെയ്യുന്നത് സ്വാഗതാർഹമാണ്.

ശ്രീ. കെ.എം. മാണി: നന്ദിപ്രമേയത്തെ എതിർക്കുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ വേണ്ട രീതിയിൽ അവതരിപ്പിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞില്ല. 32,000 കോടി രൂപയുടെ ഗ്രാന്റും കുട്ടനാട്, ഇടുക്കി പാക്കേജുകൾ നടപ്പാക്കാനുള്ള ധന സഹായവുമാണ് വരാൻ പോകുന്ന അഞ്ച് വർഷക്കാലത്തെ നോൺ പ്ലാൻ റവന്യൂ ഗ്യാപ്പ് എങ്ങനെ നികത്താമെന്ന് ശുപാർശ ചെയ്യുന്ന പതിമൂന്നാം ധനകാര്യ കമ്മീഷനോട് ആവശ്യപ്പെട്ടത്. ഇക്കാര്യങ്ങളെപ്പറ്റിയൊക്കെ ഗഹനമായി ആലോചിക്കാതെ പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത്. പൊളിറ്റിക്കൽ പാർട്ടികളുടെ ഓഫീസ് ബെയറേഴ്സ് ലോകായുക്ത നിയമത്തിന്റെ പരിധിയിൽ വരുമെന്നിരിക്കെ ലാവ്ലിൻ കേസിൽ അഴിമതി ആരോപണ വിധേയനായ മന്ത്രിയല്ലാത്ത, ഓഫീസ് ഓഫ് പ്രോഫിറ്റ് വഹിക്കാത്ത ആൾ രാജിവയ്ക്കേണ്ട കാര്യമില്ല എന്നുപറയുന്നത് ശരിയാണോയെന്ന് വ്യക്തമാക്കണം. മാസപ്പടിക്കേസിലും ലോട്ടറിക്കേസിലും ആരോപണവിധേയരായവരെ അവർ വഹിച്ചിരുന്ന പാർട്ടി സ്ഥാനങ്ങളിൽ നിന്ന് മാറ്റിനിർത്തിയ പാരമ്പര്യമുള്ള മാർക്സിസ്റ്റു പാർട്ടി ഇപ്പോൾ ആരോപണവിധേയരായവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതിപോലും കൊടുക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. 2004-ൽ ഉണ്ടായ സുനാമി ദുരന്തത്തിന്റെ പുനരധിവാസ പ്രവർത്തനത്തിനായി കേന്ദ്രഗവൺമെന്റ് അനുവദിച്ച 1441 കോടി രൂപ ഇതുവരേയും ചെലവഴിച്ചിട്ടില്ല. 2005-ൽ കേന്ദ്രഗവൺമെന്റ് പാസ്സാക്കിയ

ഡിസാസ്റ്റർ മാനേജുമെന്റ് നിയമമനുസരിച്ച് മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു Prosperity Council രൂപീകരിച്ചത് കഴിഞ്ഞ വർഷമാണ്. അതിന്റെ കീഴിൽ ഡിസ്ട്രിക്ട് കമ്മിറ്റികൾ രൂപീകരിക്കാതെ ഈ തുക ചെലവഴിക്കാൻ കഴിയില്ല. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുട്ടനാട് പാക്കേജ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചുവെങ്കിലും ശരിയായ പ്രോജക്ട് റിപ്പോർട്ട് നൽകാത്തതുകൊണ്ടാണ് അതിന് തുക ലഭിക്കാത്തത്. വേക്കൻസികൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാതെ അനധികൃത നിയമനമാണ് പല വകുപ്പുകളിലും ഈ ഗവൺമെന്റ് നടത്തുന്നത്. ഇത്തരത്തിൽ ജയിൽ വകുപ്പിൽ ക്ലാർക്ക്/വാർഡൻ തസ്തികകളിൽ 44 നിയമനങ്ങളും ഹൗസിംഗ് ബോർഡിൽ 122 നിയമനങ്ങളും നടത്തിയിട്ടുണ്ട്. അനധികൃതമായി നിയമിച്ചവരെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കണം.

ശ്രീമതി കെ.എസ്. സലീഖ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിയമനിർമ്മാണങ്ങൾ വഴി കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക മേഖലയിൽ വികസനത്തിന്റെ അടിത്തറ പാകാൻ ഈ ഗവൺമെന്റിന് സാധിച്ചു. എല്ലാ മേഖലയിലും ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. ആഗോള സാമ്പത്തിക പ്രതിസന്ധി നേരിടാനാവശ്യമായ പുതിയ നിർദ്ദേശങ്ങൾ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. വികസനത്തിന്റെ കാര്യത്തിൽ ഇച്ഛാശക്തിയുള്ള നടപടി സ്വീകരിച്ചതുവഴി നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. അരിയുടെയും ഗോതമ്പിന്റെയും ബഫർ സ്റ്റോക്ക് 84 ശതമാനം ഉണ്ടായിരുന്നിട്ടും കേരളത്തിന് അർഹതപ്പെട്ട വിഹിതം നൽകാതെ നിഷേധാത്മകമായ നിലപാട് സ്വീകരിക്കുന്ന കേന്ദ്രത്തിന്റെ നിലപാട്

പുന:പരിശോധിക്കണം. വിലക്കയറ്റം നിയന്ത്രിക്കാൻ 34 മാസത്തിനിടയിൽ നിരവധി മാവേലി സ്റ്റോറുകളും പ്യൂപ്പിൾസ് ബസാറുകളും മൊബൈൽ മാവേലി സ്റ്റോറുകളും വിലക്കയറ്റ വിരുദ്ധ ചന്തകളും തുടങ്ങി കേരളത്തിന്റെ പൊതു വിതരണ രംഗത്ത് ഇടപെട്ട് സാധാരണക്കാരന്റെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഭൂരഹി തരായ ആളുകൾക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും കൊടുക്കുക എന്ന എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കാൻ കഴിഞ്ഞി ട്ടുണ്ട്. ഇ.എം.എസ്. പാർപ്പിട പദ്ധതി രാജ്യത്താകെ മാതൃകയാകാൻ പോവുക യാണ്. വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥ പുനർവിന്യാസം അന്തിമ ഘട്ടത്തിലെത്തിക്കുന്നതിന് കഴിഞ്ഞു. 27 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കി. കേരളത്തിന്റെ സാമ്പത്തിക മേഖലയിൽ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞു. സാമൂഹ്യക്ഷേമ പെൻഷനുകളുടെ തുക വർദ്ധിപ്പിക്കാനും കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കാനും കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ കാലത്താണ്. സർക്കാർ ജീവനക്കാരു ടേയും പെൻഷൻകാരുടേയും ക്ഷാമബത്തയും പി.ഡബ്ളിയു.ഡി. കരാറു കാർക്ക് കുടിശ്ശിക കൊടുത്തുതീർത്തു. ഒറ്റ ദിവസംപോലും ട്രഷറി പൂട്ടാത്ത സ്ഥിതിയുണ്ടാക്കി. കാർഷിക മേഖലയിൽ കർഷക ആത്മഹത്യകൾ കുറയ്ക്കാനും കർഷകർക്ക് പലിശരഹിത വായ്പ വിതരണം ചെയ്യാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. താങ്ങുവില നിശ്ചയിച്ച് നെല്ല് സംഭരി ക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു. കർഷക പെൻഷൻ പദ്ധതി ആരംഭിച്ചു. വ്യാപാരികൾക്ക് ഇ-ഫയലിംഗ് സംവിധാനം ഏർപ്പെടുത്തി യതുവഴി സർക്കാരിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവു ണ്ടായി. വിഷൻ 2010 പദ്ധതിയിലൂടെ എല്ലാ മണ്ഡലങ്ങളിലും വികസന

പ്രവർത്തനങ്ങൾ നടപ്പാക്കാൻ രണ്ടുകോടി രൂപവീതം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഹയർ സെക്കന്ററിയിൽ ഏകജാലക സംവിധാനം നടപ്പിലാക്കിയതോടുകൂടി പാവപ്പെട്ട വിദ്യാർത്ഥികൾക്കും പഠിക്കാനുള്ള സൗകര്യം ലഭ്യമായി. സർക്കാരാശുപത്രികളുടെ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് മെച്ചപ്പെട്ട ചികിത്സയും മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു. കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചു. .

ശ്രീ. കെ.പി. മോഹനൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയ പ്രഖ്യാപന പ്രസംഗത്തിലെ വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ആയിരം ദിനങ്ങൾ സർക്കാർ പിന്നിട്ടിരിക്കുകയാണ്. വിവിധ മേഖലകളിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തി. ആധുനിക കാലഘട്ടത്തിലെ ആവശ്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ദീർഘവീക്ഷണത്തോടെയുള്ള നടപടികളാണ് വിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഒന്നാം ക്ളാസ് മുതൽ ഇംഗ്ളീഷ് ഭാഷ പഠിപ്പിക്കാനും ഒന്നു മുതൽ എട്ടു വരെയുള്ള ക്ളാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകങ്ങളും ഭക്ഷണവും ലഭ്യമാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. അധ്യാപകർക്ക് ക്ളസ്റ്റർ പരിശീലനം നൽകി. 2007-08 വർഷം എസ്.എസ്.എൽ.സി.-ക്ക് റിക്കോർഡ് വിജയം കൈവരിക്കാൻ സാധിച്ചു. എസ്.എസ്.എൽ.സി., പ്ളസ് ടു പ്രവേശനത്തിന് ഏകജാലക സംവിധാനം ഏർപ്പെടുത്തി. എസ്.എസ്.എൽ.സി./പ്ളസ് ടു പരീക്ഷാഫലം മെയ് 15-ന് മുമ്പ് പ്രഖ്യാപിക്കുന്നതിനും ജൂൺ 15-ന് മുമ്പ് പ്ളസ് വൺ-ന്റെയും ഡിഗ്രി കോഴ്സുകളുടേയും പ്രവേശനം നടത്താനുമുള്ള പ്രവർത്തനത്തിന് ആരംഭം കുറിച്ചിരിക്കുകയാണ്. മലബാർ മേഖലയിൽ 31 ഹൈസ്കൂളുകൾ ഹയർ സെക്കന്ററി

സ്കൂളുകളാക്കി ഉയർത്തി. പി.എസ്.സി. മുഖാന്തിരം ലക്ചറർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചു. പ്രൈമറി തലം മുതൽ ഐ.ടി. വിദ്യാഭ്യാസത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി. പരീക്ഷാഭവന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കണം. വിദ്യാഭ്യാസ രംഗത്ത് ജനകീയ കൂട്ടായ്മ ഉണ്ടാകണം. വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും വിദ്യാർത്ഥികളുടെ പഠന ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് ജനകീയ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിക്കും രൂപം കൊടുത്തിരിക്കുകയാണ്. കളിസ്ഥലങ്ങൾ, നീന്തൽക്കുളങ്ങൾ എന്നിവ നിർമ്മിച്ച് കുട്ടികളുടെ കഴിവുകൾ വളർത്തിയെടുക്കാനുള്ള സമഗ്രമായ പദ്ധതിക്കും സർക്കാരിന്റെ സഹായം ഉണ്ടാകണം. എസ്.സി./എസ്.ടി. മേഖലയിൽ സമ്പൂർണ്ണ വൈദ്യസഹായം ഏർപ്പെടുത്തി. അവരുടെ വൈദ്യുതി കുടിശ്ശിക എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചു. എസ്.സി./എസ്.ടി., ബി.പി.എൽ. വിഭാഗങ്ങൾക്ക് അപേക്ഷിച്ചാൽ ഉടൻ വൈദ്യുതി കണക്ഷൻ നൽകുന്നതിനും 110 രൂപയുടെ സി.എഫ്.എൽ. ലാമ്പ് സൗജന്യമായി കൊടുക്കുന്നതിനും നടപടി സ്വീകരിച്ചു. പൊതുമരാമത്ത് രംഗത്ത് നല്ല രീതിയിലുള്ള പ്രവർത്തനമാണ് നടക്കുന്നത്. അനധികൃതമായ ഭൂമി കയ്യേറ്റം ഒഴിപ്പിച്ചുകൊണ്ട് ഭൂമിയുടെ സംരക്ഷണം ഏറ്റെടുക്കാൻ ലാന്റ് ബാങ്ക് രൂപീകരിച്ചു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് മന്ത്രിമാർ ഉൾപ്പെടെയുള്ളവർ അഴിമതി നടത്തിയ ശേഷം ഇപ്പോൾ മാന്യരായി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന നേതാക്കന്മാരെ തേജോവധം ചെയ്യുന്നത് പ്രതിപക്ഷത്തിന് നല്ലതല്ല. തൊഴിൽ നഷ്ടപ്പെട്ട് വിദേശരാജ്യങ്ങളിൽനിന്നും വരുന്ന പ്രവാസികൾക്കായി കേന്ദ്ര ഗവൺമെന്റിന്റെ ഇടക്കാല ബഡ്ജറ്റിൽ യാതൊരു പദ്ധതിയും ഉൾപ്പെടുത്തി

യിട്ടില്ല. പെട്രോളിന് വില കൂടുകയും ക്രൂഡോയിലിന് വില കുറയുകയും ചെയ്തതിന് ആനുപാതികമായി വില കുറയ്ക്കണമെന്ന് പറഞ്ഞപ്പോൾ പ്രതിപക്ഷം യു. പി. എ. ഗവൺമെന്റിനെ ന്യായീകരിക്കുകയാണ് ചെയ്തത്. ഭക്ഷ്യധാന്യങ്ങളുടെ അളവ് വെട്ടിക്കുറച്ചപ്പോൾ പ്രതിപക്ഷം പ്രതികരിച്ചില്ല എന്നുമാത്രമല്ല കേരളത്തിന്റെ പൊതുവേയുള്ള സമീപനത്തോട് യോജിക്കാതെ കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളെ സഹായിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. സുനാമി ഫണ്ട് എങ്ങനെ ചെലവഴിച്ചു എന്നു പറയേണ്ട ബാദ്ധ്യത യു. ഡി. എഫ്.-നാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരം വിട്ടൊഴിയുമ്പോൾ 65 കോടി രൂപ നഷ്ടത്തിലായിരുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ 85 കോടി രൂപ ലാഭത്തിലാണ് പ്രവർത്തി ക്കുന്നത്. വസ്തുതാപരമായി പ്രശ്നങ്ങൾ പരിശോധിച്ച് വെല്ലുവിളി ഏറ്റെടു ക്കാൻ തയ്യാറാകണം. ആരോഗ്യ രംഗത്ത് കൃത്യമായി പ്രശ്നങ്ങൾ പഠിച്ച് അവയ്ക്ക് പരിഹാരം കാണുകയും അടച്ചിട്ട ആശുപത്രികൾ തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്തു. കരാറുകാരുടെ 28 മാസത്തെ കുടിശ്ശിക കൊടുത്തുതീർത്ത് പൊതുമരാമത്ത് വകുപ്പ് സുതാര്യമായി മുന്നോട്ടു പോകുകയാണ്. ഈ ഗവൺമെന്റിന്റ കാലാവധിക്കുള്ളിൽ 500 മെഗാവാട്ട് കറണ്ട് ഉൽപ്പാദിപ്പിക്കും. അഴിമതിരഹിതമായിട്ടാണ് ഓരോ വകുപ്പും കൈകാര്യം ചെയ്യുന്നത്. കാർഷിക മേഖലയിൽ കഴിഞ്ഞ വർഷം 22000 ടൺ അരി ഉൽപ്പാദിപ്പിച്ചു; ഈ വർഷം ഇപ്പോൾ 50000 ടണ്ണും ഈ വർഷം അവസാനിക്കുമ്പോൾ അത് ഒരു ലക്ഷം ടണ്ണുമാകും. കുറ്റ്യാടി പദ്ധതിയിൽ കരാർ ഒപ്പിട്ട് 39 കോടി രൂപ ഡൊണേഷൻ വാങ്ങിയിട്ട് യാതൊന്നും ചെയ്തില്ല. ലാവ്ലിൻ കേസ് സംബന്ധിച്ച് 374 കോടി രൂപ എന്ത് ചെയ്തു എന്ന് പ്രതിപക്ഷം തെളിയിക്കണം. ലാവ്ലിൻ കേസ്സിന്റെ പൂർണ്ണമായ ഉത്തര

വാദിത്വം യു. ഡി. എഫ്. ഗവൺമെന്റിനാണ്. കേരളത്തിലെ ജനങ്ങളുടെ താൽപ്പര്യം മനസ്സിലാക്കിക്കൊണ്ട് ഭാവി പരിപാടികൾ ആവിഷ്ക്കരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. സി. വേണുഗോപാൽ : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ മൂന്ന് വർഷത്തെ പെർഫോർമൻസ് വിലയിരുത്തുന്ന ചർച്ചയാണ് ഇവിടെ നടക്കുന്നത്. കേരളീയ സമൂഹത്തിനുവേണ്ടി ഉറച്ച നിലപാടെടുക്കാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്നത്. ഭൂമാഫിയ, മൂന്നാർ അനധികൃത ഭൂമി ഒഴിപ്പിക്കൽ, എച്ച്.എം.ടി. വിവാദം, മെർക്കിസ്റ്റൺ ഭൂമിയിടപാട് എന്നിവയിലെല്ലാം ഈ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. കുട്ടനാട് ആർ ബ്ലോക്കിലെ എസ്. സി. വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി പാവപ്പെട്ടവർക്ക് തിരിച്ചുനൽകുമെന്ന് പറഞ്ഞിട്ട് അതിനുവേണ്ടി ഒന്നും ചെയ്തില്ല. പെൺവാണിഭസംഘങ്ങളെ കയ്യാമം വയ്ക്കുമെന്ന് പറഞ്ഞിട്ട് കിളിരൂർ ഫയൽ ഇല്ല എന്നാണ് ഇപ്പോൾ പറയുന്നത്. അമ്പലപ്പുഴയിൽ 3 പെൺകുട്ടികൾ ആത്മഹത്യ ചെയ്ത കേസ്സിൽ 5 ഏജൻസികളെക്കൊണ്ട് കേസ് അന്വേഷിപ്പിച്ചെങ്കിലും പ്രതികളെ രക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിച്ചത്. നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധിച്ചു. 5 കോടി രൂപയുടെ ഉച്ചഭക്ഷണ ധാന്യം മറിച്ചുവിറ്റു. എൻ.ആർ. എച്ച്.എം. ഫണ്ടുകൂടി ലഭിച്ചില്ലായിരുന്നുവെങ്കിൽ ആരോഗ്യ മേഖലയിലെ സ്ഥിതി വളരെ ദയനീയമാകുമായിരുന്നു. വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചു. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാതെ തകർന്ന ഗവൺമെന്റാണ് കേരളം ഭരിക്കുന്നത്. സംസ്ഥാനത്ത് ഭൂമാഫിയ തഴച്ചു വളരുകയാണ്. പ്രതിപക്ഷ നേതാവും കെ.പി.സി.സി. ജനറൽ സെക്രട്ടറിയും ചേർന്നാണ് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയെ എസ്.എൻ.സി.

ലാവ്‌ലിൻ കേസിൽ പ്രതിയാക്കിയത് എന്ന ഭരണകക്ഷിയിലെ ചില അംഗങ്ങളുടെ അഭിപ്രായത്തെ സംബന്ധിച്ച് മുഖ്യമന്ത്രി മറുപടി നൽകണം. ലാവ്‌ലിൻ കേസിൽ പ്രതിയായവരെ കരിംപട്ടികയിൽപ്പെടുത്തണമെന്നും ഇത് സംബന്ധിച്ച ഏത് അന്വേഷണവും നേരിടാൻ തയ്യാറാണെന്നുമാണ് മുഖ്യമന്ത്രി മുൻപ് പറഞ്ഞിരുന്നത്. 1997 ഡിസംബർ 23-ന് വൈദ്യുതിബോർഡ് ചെയർമാനായിരുന്ന ഡോ.വി. രാജഗോപാലിന് അയച്ച കത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ ആദ്യഘട്ടം 2000-ത്തിലും രണ്ടാംഘട്ടം 2001-ലും പൂർത്തിയാക്കുമെന്ന് പറഞ്ഞിട്ടുണ്ട്. 1997 ഡിസംബ റിൽ ഈ കത്ത് വൈദ്യുതി ബോർഡ് ചെയർമാന് അയയ്ക്കുന്നു. വൈദ്യുതി ബോർഡ് സെക്രട്ടറി 1998 ജനുവരിയിൽ കെ.എസ്.ഇ.ബി.ക്ക് കത്ത് അയയ്ക്കുന്നു. 1998 ജൂലൈ 6-നാണ് ഈ കരാർ ഒപ്പിട്ടത്. എസ്.എൻ.സി. ലാവ്‌ലിൻ പണം തരാൻ തയ്യാറാണെന്ന് പറഞ്ഞിട്ടും ഇത് കരാറിന്റെ ഭാഗമാ ക്കാത്തത് ആരെ രക്ഷിക്കാൻ വേണ്ടിയാണെന്ന് വ്യക്തമാക്കണം. 1996 മുതൽ 2001 വരെ കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഈ കരാർ അംഗീകരിക്കാതെ പിന്നീടുവന്ന യു.ഡി.എഫ്. സർക്കാരിനെ കുറ്റം പറയുന്നത് ശരിയല്ല. എം.ഒ.യു. പുതുക്കാത്തതുകൊണ്ടാണ് പണം തരാത്ത തെന്ന് എസ്.എൻ.സി. ലാവ്‌ലിൻ പറഞ്ഞിട്ടില്ല. വസ്തുതകളെ വളച്ചൊടി ക്കാൻ ഗവൺമെന്റ് ശ്രമിക്കരുത്. ഇക്കാര്യം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വന്നപ്പോൾ സി. ആന്റ് എ.ജി.യുടെ റിപ്പോർട്ട് പോലും വന്നിട്ടില്ലാത്തതുകൊണ്ട് യുക്തമായ തീരുമാനമെടുക്കുന്നതിന് കമ്മിറ്റി ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നതാണ്. ഇക്കാര്യത്തിൽ സി.ബി.ഐ. കേസ്സെടുത്തിരിക്കുന്നത് പൊതുതാൽപ്പര്യ ഹർജിയിൻമേലാണ്.

എസ്.എൻ.സി. ലാവ്‌ലിൻ കേസ്സിനെക്കുറിച്ചുള്ള മുഖ്യമന്ത്രിയുടെ നിലപാട് വ്യക്തമാക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഈ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെക്കുറിച്ചും ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപക്ഷം വസ്തുതകളുടെ അടിസ്ഥാനത്തിൽ പ്രതിപാദിച്ചില്ല. സംസ്ഥാനത്തിന്റെ എല്ലാഭാഗത്തേയും ജനങ്ങൾ അംഗീകരിക്കുന്ന വിധത്തിലുള്ള ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഐ.ടി. പാർക്കുകൾക്ക് തറക്കല്ലിട്ടു. വല്ലാർപാടം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന പ്രശ്നത്തിൽ ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും ഈ വർഷം അവസാനം പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. രാഷ്ട്രത്തിനു മുന്നിൽ കേരളത്തിന് അഭിമാനിക്കാവുന്ന ഈ പദ്ധതിക്കുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടവർക്ക് ഇക്കഴിഞ്ഞ ഫെബ്രുവരി 2-ാം തീയതി പട്ടയം വിതരണം ചെയ്ത വേളയിൽ പ്രതിപക്ഷ എം.എൽ.എ. മാർ പങ്കെടുക്കാതിരുന്നത് ഖേദകരമാണ്. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അനുമതിയും പദ്ധതി വിഹിതവും യഥാസമയത്ത് വാങ്ങി ഓരോ പദ്ധതിയും പൂർത്തിയാക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. പാലങ്ങളുടെ നിർമ്മാണം, കടൽ ഭിത്തി നിർമ്മാണം, മേജർ വർക്കുകൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുമ്പോൾ ഇവിടെ ഒന്നും നടക്കുന്നില്ല എന്നുപറയുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ശരിയല്ല. കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ അർഹതപ്പെട്ട മുപ്പത്തയ്യായിരം കുട്ടികൾക്ക് സ്ക്കോളർഷിപ്പ് വിതരണം ചെയ്തു. വിദ്യാലയങ്ങൾ, ആശുപത്രികൾ, വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, റോഡ് കൺസ്ട്രക്ഷൻ

തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന മുറയ്ക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും കിട്ടുന്ന സംഖ്യ ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് 400 കോടി രൂപയിൽ താഴെയുള്ള തുക മാത്രമേ തന്നിട്ടുള്ളു. ഇതിൽ മൂന്ന് പാലങ്ങളുടെ വർക്കുകൾ 80 ശതമാനം പൂർത്തിയായിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിലെ കല്ലുമ്മൂട്ടിൽ കടവ് പാലത്തിന്റെ ഉദ്ഘാടനം വരുന്ന 27-ാം തീയതി മുഖ്യമന്ത്രി നിർവ്വഹിക്കുകയാണ്. നാട്ടിക നിയോജക മണ്ഡലത്തിലെ ബീച്ച് നവീകരണത്തിന്റെ ആദ്യത്തെ വർക്ക് പൂർത്തിയായി. ഇങ്ങനെ ഓരോ നിയോജക മണ്ഡലങ്ങളിലും വർക്കുകൾ പൂർത്തി യാക്കിക്കൊണ്ടിരിക്കുകയാണ്. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് 6964 വീടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 80 ശതമാനത്തോളം ഭൂമിയും ലഭ്യമായിട്ടുണ്ട്. മാർച്ച് 31-ഓടുകൂടി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാകും. ഇക്കാര്യം മന്ത്രിസഭാ ഉപസമിതി എല്ലാ ആഴ്ചയിലും റിവ്യൂ നടത്തുന്നുണ്ട്. സുനാമി ദുരിത മേഖലയായ ആന്റമാൻ നിക്കോബാറിലും ആന്ധ്രയിലും നിർമ്മിച്ചിട്ടുള്ള വീടുകളുടെ മാതൃകയിലാണ് വീടുകൾ പണികഴിപ്പിക്കുന്നത്. ഇതിനോടകം 31 വീടുകൾ ബീമാപള്ളിയിൽ പൂർത്തി യാക്കി വിതരണം ചെയ്തു. സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

<u>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ)</u>: നന്ദിപ്രമേയത്തിന് 116 ഭേദഗതികളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തു നിന്ന് വന്നിട്ടുള്ളത്. ഈ ചർച്ചയിൽ പട്ടികജാതി/പട്ടികവർഗ്ഗം, വൈദ്യുതി എന്നീ വകുപ്പുകളെ സംബന്ധിച്ച് ആക്ഷേപങ്ങളൊന്നും ഉയർന്നു വന്നിട്ടില്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷനുമായി ബന്ധപ്പെട്ട് നടക്കുന്ന സമരം രമ്യമായി പരിഹരിക്കുന്നതിന് ശക്തമായ നിലപാടാണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭൂ പ്രശ്നം പരിഹരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ "ഷെഡ്യൂൾഡ് ട്രൈബ്സ് ആന്റ് ട്രഡീഷണൽ ഡ്വല്ലേഴ്സ് ആക്ട്" സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 21-ാം തീയതി വയനാട്ടിൽ ആദിവാസികൾക്ക് ഭൂവിതരണം നടത്തുന്നതിനുള്ള ആരംഭം കുറിക്കുകയാണ്. പള്ളിവാസൽ, ചെങ്കുളം, പന്നിയാർ, നേര്യമംഗലം, ശബരിഗിരി എന്നീ പദ്ധതികൾ നവീകരിക്കണമെന്നായിരുന്നു സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞത്. അതിനെത്തുടർന്ന് 1995-ൽ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയതനുസരിച്ച് അന്നത്തെ സംസ്ഥാന സർക്കാർ നവീകരണ പ്രക്രിയ ആരംഭിച്ചു. 10-08-1995-ൽ എസ്.എൻ.സി. ലാവ്ലിനുമായി എം.ഒ.യു. ഒപ്പുവച്ചു. സെപ്റ്റംബറിൽ പഠനം നടത്തിയതിനു ശേഷം 24-02-1996-ൽ കെ.എസ്.ഇ.ബി. എസ്.എൻ.സി. ലാവ്ലിനുമായി കരാറിൽ ഒപ്പുവച്ചു. യു.ഡി.എഫ്. തുടങ്ങിവച്ച പദ്ധതി പൂർത്തീകരിക്കുകയായിരുന്നു തുടർന്നു അധികാരത്തിൽവന്ന എൽ.ഡി.എഫ് സർക്കാരിന്റെ ലക്ഷ്യം. കരാർ പ്രകാരമുള്ള തുകയിൽ പരമാവധി സംഖ്യ കുറയ്ക്കുന്നതിന് ശ്രമിച്ചതിന്റെ ഫലമായി കൺസൾട്ടൻസി ഫീസ്, യന്ത്രസാമഗ്രികളുടെ വില, പലിശ, കമ്മിറ്റ്മെന്റ് ഫീസ്, എക്സ്പോഷർ ചാർജ്ജ്, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് എന്നിവ കുറയ്ക്കാൻ സാധിച്ചു. നാഷണൽ ഹൈഡ്രോ പവർ കോർപ്പ

റേഷൻ നടത്തിയ ഇവാല്യുവേഷനിൽ അന്താരാഷ്ട്ര നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ തുക കുറവാണെന്ന് അഭിപ്രായപ്പെട്ടതിനാൽ കരാറു മായി മുന്നോട്ടു പോയി. 374 കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായിയെ ന്നാണ് സി.ആന്റ്.എ.ജി. അഭിപ്രായപ്പെട്ടത്. എന്നാൽ ആകെ പദ്ധതിച്ചെലവ് 243 കോടി രൂപയാണ്. ശ്രീ.ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പുമന്ത്രിയാ യിരുന്ന സമയത്ത് ഇതുമായി ബന്ധപ്പെട്ട ഒരു കേസ്സിൽ കെ.എസ്.ഇ.ബി. അഞ്ചാമത്തെ റെസ്പോണ്ടന്റ് ആയിരുന്നു. അന്ന് കെ.എസ്.ഇ.ബി. കോടതി യിൽ സമർപ്പിച്ച അഫിഡവിറ്റിൽ പറയുന്നത്, ഈ പദ്ധതി പ്രകാരം ഒരു പൈസപോലും സംസ്ഥാനത്തിന് നഷ്ടം വന്നിട്ടില്ലെന്നും കേരളത്തിന് ഏറെ ഗുണം ചെയ്തുവെന്നുമാണ്. യന്ത്രങ്ങളുടെ കാര്യക്ഷമത വീണ്ടെടുക്കുന്ന തിനാണ് നവീകരണം നടത്തിയത്. അന്ന് കെ.എസ്.ഇ.ബി. സമർപ്പിച്ച അഫിഡവിറ്റിന്റെ ഉള്ളടക്കത്തോട് യോജിപ്പില്ലായിരുന്നെങ്കിൽ സർക്കാർ അന്നത് ഭേദഗതി ചെയ്ത് സമർപ്പിക്കണമായിരുന്നു. 374 കോടി രൂപ നഷ്ട മല്ലെന്ന് അന്ന് യു.ഡി.എഫ്. സർക്കാർ പറഞ്ഞതിനോട് ഈ സർക്കാർ പൂർണ്ണമായി യോജിക്കുകയാണ്. മലബാർ കാൻസർ സെന്ററിന് 46 കോടി രൂപയുടെ ധന സഹായം വാഗ്ദാനം ചെയ്തതിൻ പ്രകാരം കൺസൾട്ടൻസി യുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. 103 കോടി രൂപയുടെ ഒരു പ്രോജക്ടാണ് എസ്.എൻ.സി. ലാവ്ലിന് കൊടുത്തത്. 2000-ൽ ഡ്രാഫ്റ്റ് എഗ്രിമെന്റ് തയ്യാറാക്കി. ഇതിനെക്കുറിച്ചുള്ള ചർച്ചകൾ നടക്കുന്ന അവസര ത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും തുടർന്ന് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരികയും ചെയ്തു. അതിനുശേഷം വീണ്ടും എം.ഒ.യു. പുതുക്കി. 2001-ൽ അന്നത്തെ മുഖ്യ മന്ത്രി മലബാർ കാൻസർ സെന്ററിലെ ബ്ലഡ് ബാങ്ക് ഉദ്ഘാടനം ചെയ്ത

വേളയിൽ ഈ പണം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയിരുന്നു. പക്ഷെ തുടർനടപടികൾ ഒന്നുമുണ്ടായില്ല. അതിനുശേഷം, ലാവ്‌ലിൻ രണ്ടു പ്രാവശ്യം കത്തയച്ചിട്ടും അന്നത്തെ യു.ഡി.എഫ്. സർക്കാർ അതിന് മറുപടി അയയ്ക്കുകയുണ്ടായില്ല. പിന്നീട് മൂന്ന് വർഷങ്ങൾക്കു ശേഷം 2005-ൽ ശ്രീ. ആര്യാടൻ മുഹമ്മദ് വൈദ്യുതി വകുപ്പുമന്ത്രി ആയപ്പോൾ അവർക്ക് കത്തയച്ചു. എന്നാൽ എം.ഒ.യു. കാലഹരണപ്പെട്ടതിനാൽ ഈ വിഷയം റീഓപ്പൺ ചെയ്യാൻ സാധിക്കില്ലെന്നു പറഞ്ഞുകൊണ്ട് കനേഡിയൻ ഹൈ കമ്മീഷണറിൽ നിന്ന് മറുപടിക്കത്തുവന്നു. ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നത് യഥാർത്ഥത്തിൽ മലബാർ കാൻസർ സെന്ററിന് കിട്ടേണ്ടിയിരുന്ന പണം നഷ്ടപ്പെടുത്തിയത് യു.ഡി.എഫ്. സർക്കാരാണ് എന്നാണ്. കനേഡിയൻ ഹൈ കമ്മീഷണർ അയച്ച കത്തിന്റെ കോപ്പി പരിശോധിക്കുന്നതിനുവേണ്ടി മേശപ്പുറത്തു വയ്ക്കാം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ഈ ഗവൺമെന്റിന്റെ കാര്യക്ഷമതയുടെ മാനദണ്ഡമെന്നു പറയുന്നത് സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കുവേണ്ടി ചെയ്യുന്ന ക്ഷേമ പ്രവർത്തനങ്ങളാണ്. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, തൊഴിലാളികൾ തുടങ്ങി സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളോടും ഒരുപോലെ നീതി കാണിച്ച ഒരു ഗവൺമെന്റാണിത്. യു.ഡി.എഫ്. ഭരണകാലത്ത് എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും ആദിവാസികൾക്കും എ.പി.എൽ കാർഡാണ് കൊടുത്തത്. എന്നാൽ ഈ സർക്കാർ ആദിവാസികൾക്ക് ബി.പി.എൽ കാർഡ് കൊടുക്കാൻ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ആളുകൾക്ക് ഓണത്തിന് 17 കോടി രൂപ ചെലവഴിച്ച് സൗജന്യമായി ഓണക്കിറ്റ് വിതരണം ചെയ്തു. ഒരു ലക്ഷം ആദിവാസി

കൾക്ക് 12 കിലോ അരി വീതം വിതരണം ചെയ്യുകയുണ്ടായി. കൺസ്യൂമർ സ്റ്റേറ്റായ കേരളം നിത്യോപയോഗ സാധനങ്ങളുടെ റെയിൽവേ കടത്തു കൂലിയിനത്തിൽ മാത്രം ഒരു വർഷം 240 കോടി രൂപ ചെലവാക്കുകയാണ്. കേരളത്തിൽ റഷൻ വിഹിതം പുന:സ്ഥാപിച്ചുകൊണ്ട് അരിയുടെ വിലകുറയ്ക്കാനും നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കാനും കേന്ദ്ര ഗവൺമെന്റ് സഹായിക്കേണ്ടതുണ്ട്. അതിനുള്ള നടപടികളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം അതുമായി സഹകരിക്കണം. ലോക കമ്പോളത്തിൽ ബാരലിന് 147 ഡോളറായിരുന്ന പെട്രോളിന്റെ വില 37 ഡോളറായി കുറഞ്ഞെങ്കിലും അതിനനുസൃതമായി കേന്ദ്രഗവൺമെന്റ് വില കുറച്ചിട്ടില്ല. കേരളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടായിട്ടില്ല. പാൽ ഉല്പാദനത്തിൽ ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ അടിയന്തിര നടപടികൾ സ്വീകരിച്ചു. ഇപ്പോൾ നാല് ലക്ഷം ലിറ്റർ പാൽ പ്രതിദിനം കൂടുതൽ ഉല്പാദിപ്പിക്കുകയാണ്.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം):</u> ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള ഓഫീസുകളിൽ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ അനധികൃത നിയമനം നടത്തിയിട്ടില്ല. ഹൗസിംഗ് ബോർഡിന്റെ വ്യവസ്ഥാപിതമായ ചട്ടങ്ങൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നോ പി.എസ്.സി.-യിൽ നിന്നോ ആളുകളെ കിട്ടാത്ത സാഹചര്യത്തിൽ ദിവസക്കൂലി/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അനുവാദമുണ്ട്; മുൻകാലങ്ങളിലും ഇത് ചെയ്തിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജയിൽ വകുപ്പിൽ പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ അല്ലാതെ അനധികൃത നിയമനം നടത്തിയിട്ടില്ല. പി.എസ്.സി. ലിസ്റ്റോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റോ നിലവിലില്ലാത്ത സാഹചര്യത്തിൽ, നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ച ആളുകളെ വീണ്ടും ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുന്ന അവസ്ഥയുണ്ട്. എല്ലാ ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ നിയമനം നടത്തുന്ന മുറയ്ക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചു വിടും. തിരുവനന്തപുരം വിമാനത്താവളത്തിലുണ്ടായ സംഭവം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. തീവ്രവാദ ആക്രമണവും ഭീകരാക്രമണവും ഇന്ന് രാജ്യത്തിന് വലിയൊരു ഭീഷണിയാണ്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഇൻഡ്യയിലെ 12 സംസ്ഥാനങ്ങളിൽ തീവ്രവാദി ആക്രമണമുണ്ടായി. വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർക്കും ഇതിൽ പങ്കുണ്ട്. സംസ്ഥാനത്ത് തീവ്രവാദ അക്രമ സംഭവങ്ങളുണ്ടായിട്ടില്ലെങ്കിലും കേരളത്തിൽ നിന്നുള്ളവരും ഇതിൽ പങ്കാളികളായിട്ടുണ്ടെന്നുള്ള വിവരത്തെത്തുടർന്ന് ഡി.ഐ.ജി.യുടെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ സ്ക്വാഡ് 12 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തീവ്രവാദ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും സുരക്ഷ ക്രമീകരിക്കുന്നതിനും ശക്തമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്. തീരദേശ സുരക്ഷ ഉറപ്പാക്കാനുള്ള കൂടുതൽ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി എട്ട് തീരദേശ

പോലീസ് സ്റ്റേഷനുകൾകൂടി ആരംഭിക്കാൻ കേന്ദ്രസർക്കാർ അനുവാദം നൽകിയിട്ടുണ്ട്. കടലോരത്തെ മത്സ്യത്തൊഴിലാളികളുടെ സഹകരണം തേടുന്നതിനുവേണ്ടി തീരദേശ ജാഗ്രത സമിതികൾ രൂപീകരിക്കാൻ തീരുമാനി ച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി പോലീസ് സംവിധാനം സംസ്ഥാനത്തെ ഇരുപത് പോലീസ് സ്റ്റേഷനുകളിൽക്കൂടി വ്യാപിപ്പിക്കും. ജനങ്ങളുടെ സുരക്ഷ ഉറപ്പാ ക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങളോട് പ്രതിപക്ഷം സഹക രിക്കണം. കേരളം ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഭീകരാക്രമണത്തേയും തീവ്രവാദ ആക്രമണത്തേയും നേരിടണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): സംസ്ഥാനത്ത് വിലക്കയറ്റം വർദ്ധിക്കാനിടയാകുന്ന നിലപാടാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനം നിലനിൽക്കുന്ന സംസ്ഥാനത്ത് റേഷൻ വിഹിതം പൂർണ്ണമായും വെട്ടിക്കുറച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് പ്രതിപക്ഷ നേതാവ് അടക്കം നിവേദനം നൽകിയെങ്കിലും അത് പരിഗണി ക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറായിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടിനെ എതിർക്കാൻ പ്രതിപക്ഷം തയ്യാറാവുന്നില്ല. മറ്റ് സംസ്ഥാനങ്ങ ളിൽ നിന്നും അരി വാങ്ങി 14 രൂപയ്ക്ക് ജനങ്ങൾക്ക് കൊടുത്താണ് വിലക്ക യറ്റം നേരിട്ടത്. ഗൾഫ് നാടുകളിൽ പണിയെടുക്കുന്നവർ നേടിത്തരുന്ന 30 കോടിയോളം രൂപ കേന്ദ്ര ഖജനാവിലേയ്ക്കാണ് പോകുന്നത്. എന്നാൽ ആഗോള സാമ്പത്തികമാന്ദ്യത്തിന്റെ ഫലമായി ഗൾഫ് നാടുകളിൽ നിന്നും തിരികെ വരുന്നവരുടെ സംരക്ഷണത്തിനുവേണ്ടി ഒരു പദ്ധതി തയ്യാറാക്കണ മെന്ന് കേന്ദ്രഗവൺമെന്റിനോട് പല പ്രാവശ്യം ആവശ്യപ്പെട്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഇടക്കാല ബഡ്ജറ്റിൽ ഒരു നടപടിയും സ്വീകരിച്ചതായി പറയു ന്നില്ല. വിദേശ മലയാളികളെ സഹായിക്കാനായി സംസ്ഥാന ഗവൺമെന്റ്

ഒരു ബിൽ പാസ്സാക്കി. അതനുസരിച്ച് ഫെബ്രുവരി മാസം 28-ാം തീയതി തൃശ്ശൂരിൽ വച്ച് അതിന്റെ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുകയും കുറഞ്ഞത് 200 രൂപ വീതം അവർക്ക് കൊടുക്കാവുന്ന തരത്തിലുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പാമോയിൽ ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി നാളികേരത്തിന്റെ വില കുറയുന്നതിനാൽ തകർച്ചയിലാവുന്ന കർഷകരെ സഹായിക്കാൻ പാമോയിൽ ഇറക്കുമതി പൂർണ്ണമായും അവസാനിപ്പിക്കുകയോ അല്ലെങ്കിൽ അതുമൂലമുണ്ടാകുന്ന വിലക്കുറവിനെ നേരിടുന്നതിനുവേണ്ടിയുള്ള സഹായം നൽകുകയോ ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടനാട്, ഇടുക്കി പാക്കേജിനായി അയച്ച പ്രോജക്ടുകളിൽ സംസ്ഥാനം ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഏതാണ്ട് പതിനേഴ് പദ്ധതികൾ നടപ്പിലാക്കാനായി 467 ലക്ഷം രൂപ ചെലവഴിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. കാർഷിക മേഖലയിൽ ആത്മഹത്യയില്ലാതാക്കി. പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിച്ചു. ഇൻഡ്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ റെയിൽവേയുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടുകൊണ്ട് ചേർത്തലയിൽ ഓട്ടോകാസ്റ്റ് ഫാക്ടറി സ്ഥാപിക്കാൻ കഴിഞ്ഞു. കേരളത്തിലെ സാധാരണ ജനങ്ങളുടെയും തൊഴിലാളികളുടേയും കർഷകരുടേയും പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എസ്.എൻ.സി. ലാവ്ലിൻ കേസ്സിൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശപ്രകാരമുള്ള നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച നന്ദിപ്രമേയം 26-നെതിരെ 71 വോട്ടുകളോടെ സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.41-ന് പിരിഞ്ഞു.

.........